**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

***(ഹാജർ : ഡോ : കെ. വാസുകി ഐ.എ.എസ്.)***

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - പേഴ്സണൽ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് I) അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവാകുന്നു -

പരാമർശം:- (1) ഈ കാര്യാലയത്തിലെ 11.01.2007-ലെ എസ്.എ.(2) 21859/2006 നമ്പർ ഉത്തരവ്,
(2) 08.08.2011-ലെ എസ്.എ. (2) 16398/ 2011 നമ്പർ ഉത്തരവ്.
(3) 28.03.2016-ലെ എസ്.എ.(3) 11402/ 2014 നമ്പർ ഉത്തരവ്.
(4) 22.11.2019-ലെ എസ്.എ.(3) 37815/ 2019 നമ്പർ ഉത്തരവ്.
(5) ജി.ഒ.(പി) നമ്പർ 7/ 2016/ ഫിൻ. തീയതി 20.01.2016.

**ഉത്തരവ് നം. എസ്.എ. (3) 17659/ 2015 തീയതി : 16.02.2021.**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീമതി. ഗീത. എം.ജി. 31.01.2021 അപരാഹ്നം സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. പ്രസ്തുത ഒഴിവിലേയ്ക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ പരാമർശം (1) പ്രകാരമുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ മുൻഗണന പട്ടികയിലെ (ക്രമ നമ്പർ 26) സീനിയർ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റും നിലവിൽ ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പ്രസന്നകുമാരി. എൽ. നെ (39500-83000) രൂപാ ശമ്പളസ്കെയിലിൽ 01.02.2021 പൂർവാഹ്നം മുതൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ ശ്രീമതി. പ്രസന്നകുമാരി. എൽ. നെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്നതിനെ തുടർന്ന് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ഈ കാര്യാലയത്തിലെ വിജിലൻസ് ഓഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി. ഗിരിജാ ദേവി. എൽ. നെ ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി. പ്രസന്നകുമാരി. എൽ. ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിൽ നിന്നും ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതു പ്രകാരം ഉണ്ടാകുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ (ക്രമ നമ്പർ 3) ശ്രീമതി. സുനിത. പി.കെ. സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ (ആർ.എ.റ്റി.റ്റി.സി., മലമ്പുഴ, പാലക്കാട്) 39500-83000 രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി 01.02.2021 മുതൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ടിയാൾ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാകാലം പൂർത്തീകരിക്കേണ്ടതാണ്.

ശ്രീമതി. സുനിത. പി.കെ.യ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡിൽ നിന്നും സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് മൂലമുണ്ടാകുന്ന ഒഴിവിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ (ക്രമ നമ്പർ 1) ശ്രീമതി. ശുഭ. എസ്., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I നെ (പ്രിൻസിപ്പൽ കൃഷി ഓഫീസ്, കൊല്ലം) 30700-65400 രൂപാ ശമ്പളസ്കെയിലിൽ 01.02.2021 മുതൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകി കൊണ്ട് ഉത്തരവാകുന്നു.

ശ്രീമതി. ശുഭ. എസ്. ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിൻ പ്രകാരം ഉണ്ടായ ഒഴിവിലേയ്ക്ക് പരാമർശം (4) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ (ക്രമ നമ്പർ 8) ശ്രീ. സുനിൽ. ഇ., കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് 01.02.2021 പൂർവാഹ്നം മുതൽ 27800-59400 രൂപ ശമ്പളസ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഗസറ്റഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചവരുടെ സേവനപുസ്തകം, ഗസറ്റഡ് എന്റൈറ്റിൽമെന്റ് രജിസ്റ്റർ, ആർ.റ്റി.സി., എൽ.പി.സി. തുടങ്ങിയ ആവശ്യരേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ഈ ഉത്തരവ് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന്മാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ തുടരാവുന്നതാണ്.

**(ഒപ്പ്)**
**ഡയറക്ടർ**
**കാർഷിക വികസന കർഷക്ഷേമ വകുപ്പ്**

BINDU MOL. T
Administrative Assistant II
Agriculture Development & Farmers Welfare Department
Vikas Bhavan, Trivandrum

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)
അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

പകർപ്പ്:-

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം, പാലക്കാട്.
2) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ആർ.എ.റ്റി.റ്റി.സി., മലമ്പുഴ, പാലക്കാട്.
3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്.
4) കരുതൽ ഫയൽ / അധികം.

DP.18.02.2021.